പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2244 05.02.2018-ൽ മറുപടിയ്ക്ക്

## കാരുണ്യബനവലന്റ് ഫണ്ടിന്റെ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നത്

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യബനവലന്റ് ഫണ്ടിന്റെ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നത് ഏതെല്ലാം വിഭാഗം രോഗങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | ഹൃദയം, കരൾ, വൃക്ക തുടങ്ങിയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കും, തലച്ചോർ,കരൾ ശസ്ത്രക്രിയ, ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗങ്ങൾ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | നട്ടെല്ലിന് വളവു വരുന്ന (പ്രത്യേകിച്ചും കുട്ടികളിൽ) ഗുരുതരമായ രോഗമായ സ്കോളിയോസിസ്, കാരുണ്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഈ രോഗത്തിന്റെ ചികിത്സാ ചെലവ് വളരെ വലുതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത ചികിത്സാ പദ്ധതിയിൽ ഈ രോഗം കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | നിലവിലുള്ള ചികിത്സാ സഹായ പദ്ധതികൾ കൂട്ടിയോജിപ്പിച്ച് സമഗ്ര ആരോഗ്യ സുരക്ഷാ പരിപാടി നടപ്പിലാക്കുന്ന ഘട്ടത്തിൽ ഇക്കാര്യവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ